അതുപോലെതന്നെ കോടതികളിൽ ജില്ലാ നിലവാരത്തിലുള്ള ജഡ്ജിമാരുടെ സഹകരണം വേണ്ടത്ര ലഭിക്കാത്തതുകൊണ്ട് ആ നടപടിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ടു നീതിമേളകൾ അർത്ഥപൂർണ്ണമായി നടത്താൻ അടിയന്തിരമായ നടപടികൾ ഗവൺമെൻറ് എടുക്കുമോ എന്ന കാര്യമാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. എം. മാണി : ഇത് ക്ലബ് പെയ്ത കാര്യങ്ങളാണ്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഈ ലീഗൽ എയ്ഡ് ബോർഡിലെ വളരെ സമുന്നതനായ ഒരു മെമ്പറാണ് ഞങ്ങളെല്ലാവരും കൂടെ ശ്രമിച്ചു. ഞങ്ങളുടെ പ്രതീക്ഷ വളരെ വലുതായിരുന്നു. നമ്മുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മോശമായി എന്ന് അർത്ഥമില്ല. വളരെ ഫലവത്തായി ഇതിന്റെ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. ഇത് ഇഫക്ടീവ് ആകണമെങ്കിൽ നമുക്ക് ഒരു മോഡൽ നിയമമുണ്ടാകണം. ഇത് ഞാൻ സഭയുടെ അറിവിലേക്ക് പറയുകയാണ്. കേന്ദ്ര ഗവൺമെൻറിൽ "സിലാസ്", എന്നൊരു സ്ഥാപനമുണ്ട്.

"Committee for Conducting legal cases"

ഈ സിലാസ് ഒരു ഗൈഡ് ലൈൻ നൽകിയിട്ടുണ്ട്. ഈ ഗൈഡ് ലൈൻ അനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡറിന്റെ അടിസ്ഥാനത്തിൽ നമ്മൾ ബോർഡുകളുണ്ടാക്കിയിട്ടുണ്ട്. കർണ്ണാടക സ്റ്റേറ്റിൽ മാത്രമേ ഇന്ത്യയിൽ ഒരു ലെജിസ്ലേഷൻ ഉണ്ടായിട്ടുള്ളൂ. കേരള സംസ്ഥാനത്ത് നമ്മുക്ക് ഒരു ലെജിസ്ലേഷനുണ്ടാക്കാൻ വേണ്ടി ഗവൺമെൻറ് ആലോചിച്ച് വരുമ്പോഴാണ് കേന്ദ്രഗവൺമെൻറ് ഇതിനെ സംബന്ധിച്ച് ഒരു മോഡൽ ലെജിസ്ലേഷനുണ്ടാക്കിയെന്ന് പറഞ്ഞുകൊണ്ട് ഡൽഹിയിൽ ഒരു കോൺഫറൻസ് വച്ചത്. പക്ഷെ കേന്ദ്രഗവൺമെൻറിന്റെ ആ മോഡൽ ലെജിസ്ലേഷനുവേണ്ടി കാത്തിരിക്കുകയാണ്. ആ ലെജിസ്ലേഷനുണ്ടായി കഴിഞ്ഞാൽ നമ്മുടെ പ്രതീക്ഷ അനുസരിച്ച് ഇതിനു പൗവ്വറുണ്ടാകും. ഇതിന്റെ ഡിസിഷൻ ഫോഴ്സുണ്ടാകും. അപ്പോൾ ആ നിലയിൽ ഇഫക്ടീവ് ആകണമെങ്കിൽ ലെജിസ്ലേഷൻ വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

പൊതുമരാമത്തു വകുപ്പിലെ കോഡുകളും മാനുവലുകളും

* 293 [316] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :

,, പി. വി. മുഹമ്മദ് :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിൽ ഇന്ന് നിലവിലുള്ള കോഡുകളും മാനുവലുകളും കാലോചിതമല്ല എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഷ്ക്കരിക്കുന്നതിന് ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) കേരള പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് കോഡ് പരിഷ്ക്കരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. കമ്മിറ്റി അതിന്റെ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ പരിഷ്ക്കരിച്ച കോഡിന്റെ കരട്, പരിശോധിച്ചു വരുന്നു. പ്രസ്തുത കോഡ് അംഗീകരിച്ചതിനു ശേഷമേ മാനുവൽ പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : വളരെക്കാലമായി ഈ കോഡും മാനുവലുകളും പരിഷ്ക്കരിക്കണമെന്ന് ഈ നിയമസഭയിലും മറ്റും പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇത്രയും താമസിക്കാതെ കഴിയുന്നത്ര വേഗത്തിൽ ഈ പരിഷ്ക്കരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : 1980-ൽ തന്നെ ഇതിനാവശ്യമായ കമ്മിറ്റി രൂപീകരിച്ചിരുന്നു. ചീഫ് എഞ്ചിനീയർമാർ അടിക്കടി റിട്ടയർ ചെയ്തു പോകുന്നതുകൊണ്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ അല്പം സ്വല്പം താമസം നേരിടാറുണ്ട്. ഇപ്പോൾ അവസാനമായി നിയോഗിച്ച കമ്മിറ്റി അതിന്റെ പരിഷ്ക്കരണ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. അത് ഒരു സ്പെഷ്യൽ ഓഫീസർ പരിശോധിച്ചു വരികയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : കോഡും മാനുവലും കാലോചിതമല്ലായെന്ന് പറയുന്നതിന്റെ പ്രധാന ആസ്പെക്ടസ് എന്താണെന്നൊക്കെ പറയാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പല ആസ്പെക്ടുകളുണ്ട്. റേറ്റിനെ സംബന്ധിച്ചും ഷെഡ്യൂളിനെ സംബന്ധിച്ചും മറ്റു പലതുമുണ്ട്. അത് കാലോചിതമല്ലാത്തതുകൊണ്ടാണ് പുതുക്കണമെന്ന് ആവശ്യപ്പെട്ടത്. 1980 മുതൽക്കേ ഈ ആവശ്യം ഗവൺമെന്റിന്റെ മുൻപിലുണ്ട്. ഇപ്പോൾ അതിന്റെ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി : ഇതിന് നിയോഗിക്കപ്പെട്ട കമ്മിറ്റി ഏതാണ് രൂപീകരിച്ചത് ? ആ കമ്മിറ്റിയിൽ ആരൊക്കെയാണ് മെമ്പർമാർ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : കമ്മിറ്റി ആദ്യമുണ്ടാക്കിയത് 1980-ൽ തന്നെ. ആ കമ്മിറ്റി പ്രവർത്തനരഹിതമായപ്പോൾ മറ്റൊരു കമ്മിറ്റി രൂപീകരിച്ചു. അതും പ്രവർത്തനരഹിതമായപ്പോൾ 1984-ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടാണ് ഗവൺമെന്റിന് കിട്ടിയിട്ടുള്ളത്. അത് ഒരു സ്പെഷ്യൽ ആഫീസർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി : ഇന്ന് നിലവിലുള്ള പി. ഡബ്ലിയു. ഡി. മാനുവലും കോഡുകളും ലംഘിച്ചതായി വല്ല പരാതിയോ കേസ്സുകളോ ഇന്ന് നിലവിലുണ്ടോ ? അത് വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പ്രത്യേകമായി ലംഘിച്ചതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ അതിൻമേൽ നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ : നിലവിലുള്ള കോഡുകളും മാനുവലുകളുമെല്ലാം ഉണ്ടായിട്ടും കോടിക്കണക്കിന് രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിലവാരത്തിലുള്ള ആളുകളെ വിനിയോഗിച്ച് സ്റ്റോർ പർച്ചേസ് നടത്തുകയും അതുവഴി വർഷങ്ങളോളം ഇത്തരം അഴിമതികൾ നടത്താൻ ഇടയാകുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് എഞ്ചിനീയർമാരുടെ നിലവാരത്തിൽ മാത്രമുള്ള ഇന്നത്തെ കോഡ് പരിഷ്കരണം ഒന്ന് പുനഃപരിശോധന ചെയ്ത് അക്കൗണ്ടന്റ് ജനറൽ നിലവാരത്തിലുള്ള ആരെങ്കിലുമോ അതുപോലുള്ള ഉയർന്ന അധികാരമുള്ള ഒരു സമിതിയേയോ വച്ച് പൊതുമരാമത്തു വകുപ്പിലെ വർക്ക് സാങ്ഷനും പർച്ചേസ് പ്രൊസീഡ്യുറും പേമെന്റ് മെത്തേഡും ഒന്നു ക്രോഡീകരിക്കാൻ വേണ്ടിയുള്ള നടപടി എടുക്കുമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : കാലാകാലങ്ങളിൽ ഉണ്ടാകുന്ന കോഡുകളും മാനുവലുകളുമെല്ലാം എഞ്ചിനീയർമാർ തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ സ്റ്റേറ്റിൽ 1957 മുതലുള്ള കോഡുകളെല്ലാം എഞ്ചിനീയർമാരുടേതാണ്. പുതിയ കോഡ് അംഗീകരിച്ചു കഴിഞ്ഞതിനുശേഷം എം. എൽ. എ. മാർ വരെയുള്ളവർക്ക് വല്ല ആക്ഷേപവുമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസം

* 294 [317] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പ്രീ പ്രൈമറി വിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്ത് സാർവ്വത്രികവും നിർബന്ധവുമാക്കുന്നതിനുള്ള നയപരമായ തീരുമാനം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച് എന്നാണ് ഗവൺമെന്റ് തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി, സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഉന്നത വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കും വലിയ പ്രാമുഖ്യം കൊടുത്തുകൊണ്ട് ദേശീയ നയം നടപ്പാക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇതുവരെ ഗൗരവമായി കണക്കിലെടുത്ത് ഇതിനു ഒരു പൊതുനയം സ്വീകരിക്കാതിരുന്നത് എന്താണെന്ന് വെളിപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : പൊതുനയം ആവിഷ്കരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചോദ്യം പ്രീ-പ്രൈമറി വിദ്യാഭ്യാസം നമ്മുടെ രാജ്യത്ത് സാർവ്വത്രികമാക്കുന്നതിനെ സംബന്ധിച്ചാണ്. അതിനു ഒരു പൊതു മാനദണ്ഡം ഉണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും, ആ പൊതുമാനദണ്ഡമുണ്ടാക്കി അതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാതൃകാ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിലയിൽ 31 പ്രീ-പ്രൈമറി സ്കൂളുകൾ നമ്മുടെ കേരളത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly